റിപ്പോർട്ട്

# ഒരു സിനിമാക്കാരന്റെ വികസനരാഷ്ട്രീയം

**വ്യത്യസ്തമായ വീക്ഷണകോണിൽ നിന്നുകൊണ്ട് വികസന പ്രശ്നങ്ങളെ സമീപിക്കാൻ കെൽപ്പുള്ള ഒരു രാഷ്ട്രീയക്കാരനാണു താനെന്ന് ചാലക്കുടി മണ്ഡലത്തിലെ വികസനപ്രവർത്തനങ്ങളിലൂടെ ഇന്നസെന്റ് തെളിയിക്കുന്നു**

സതീശ് സൂര്യൻ



2014-ലെ ലോക്സഭാ തെരഞ്ഞെടുപ്പ്. ചാലക്കുടി മണ്ഡലത്തിൽ ഇടതുപക്ഷ പിന്തുണയുള്ള ഇന്നസെന്റും യു.ഡി.എഫ് സ്ഥാനാർത്ഥിയും കോൺഗ്രസ്സിന്റെ മുതിർന്ന നേതാവുമായ പി.സി. ചാക്കോയും തമ്മിലുള്ള പോരാട്ടം മുറുകുകയാണ്. യു.ഡി.എഫിന്റെ ഒരു തെരഞ്ഞെടുപ്പു പൊതുയോഗം. ചാലക്കുടി മണ്ഡലവുമായി ആത്മബന്ധമുള്ള ലീഡർ കരുണാകരന്റെ പുത്രൻ കെ. മുരളീധരൻ സരസമായി സംസാരിച്ചുകൊണ്ടിരിക്കുകയാണ്. സിനിമാക്കാരനായ ഇന്നസെന്റ് സ്ഥാനാർത്ഥിയായതിലുള്ള പുച്ഛം നിഴലിക്കുന്നുണ്ട് ആ സംസാരത്തിൽ. മലയാളസിനിമയിലെ ഒരു കൊമേഡിയനെ അല്ലാതെ ജനപ്രിയരായ പ്രവർത്തകർക്കും നേതാക്കൾക്കും ബുദ്ധിജീവികൾക്കുമൊന്നും പഞ്ഞമില്ലാത്ത സി.പി.ഐ.എമ്മിനും ഇടതുമുന്നണിക്കും കിട്ടിയില്ലേ എന്നാണ് മുരളീധരന്റെ ചോദ്യം.

അതിനിടയ്ക്ക് മുരളീധരൻ 'കിലുക്കം' എന്ന സിനിമയിലെ ഇന്നസെന്റിന്റെ കഥാപാത്രത്തെയും പരാമർശിച്ചു. ഇന്നസെന്റ് വേഷമിട്ട വേലക്കാരൻ തിലകന്റെ ജഡ്ജിയേമാനോടു പറയുന്ന ഡയലോഗും.

"മൂക്കുകൊണ്ട് ഇക്ഷ ഇട്ട ഇണ്ണ ഇച്ഛ, ഇഞ്ഞ വരയ്ക്കും..."

അതേ... സുഹൃത്തുക്കളേ ഈ തെരഞ്ഞെടുപ്പിൽ ഇന്നസെന്റും അദ്ദേഹത്തിന്റെ കഥാപാത്രം പറഞ്ഞതുപോലെ ഇക്ഷ ഇട്ട ഇണ്ണ ഇച്ഛ ഇഞ്ഞ വരയ്ക്കും. കോൺഗ്രസ് മുന്നണി വരപ്പിക്കും. മുരളീധരൻ പറഞ്ഞുനിർത്തുന്നതിനു മുൻപു തുടങ്ങിയ നിലയ്ക്കാത്ത കരഘോഷം.

"സത്യം പറഞ്ഞാൽ ആ കൈയടി എനിക്കുള്ളതായിരുന്നു. അവർ മുരളീധരൻ പറഞ്ഞതുകേട്ട് അപ്പറഞ്ഞതിനല്ല കയ്യടിച്ചത്. എന്റെ കഥാപാത്രത്തെ ഓർത്തിട്ടാണ്. ആ ഒറ്റ പ്രസംഗം കൊണ്ടു എനിക്കു കിട്ടിയ വോട്ടിന്റെ എണ്ണം കൂടീട്ടേണ്ടാവുള്ളൂ. ആ ഒറ്റക്കാരണം കൊണ്ടുതന്നെ ഞാൻ ജയിച്ചതിൽ എനിക്ക് ഏറ്റവും കൂടുതൽ നന്ദീള്ളത് മുരളീധരനോടാണ്."

കണ്ണിറുക്കിക്കൊണ്ട് ഇന്നസെന്റ് പറഞ്ഞു.

അതാണ് ഇന്നസെന്റ്. താൻ ചെയ്യുന്ന ജോലിയിൽ തന്നെത്തന്നെ സമർപ്പിക്കുന്നതുകൊണ്ട് ആത്മവിശ്വാസം ആവശ്യമുള്ളതിൽ അരക്കഴിഞ്ചു കൂടുതലോ കുറവോ വരില്ല.

"ബുദ്ധിജീവികളാണ് നമ്മള് മലയാളികൾ. സിനിമാക്കാരുടെ രാഷ്ട്രീയമൊക്കെ അങ്ങ് തമിഴ്നാട്ടിലോ ആന്ധ്രയിലോ ഒക്കെ ചെലവാകുകയുള്ളൂവെന്നാണ് പറച്ചിൽ. പക്ഷേ, എന്നെപ്പോലെ ചില സിനിമാക്കാർക്കൊക്കെ നല്ല രാഷ്ട്രീയമുണ്ടെന്നു തിരിച്ചറിയുന്ന നാട്ടുകാർ അവരെ ജനപ്രതിനിധി സഭകളിലേക്കു തെരഞ്ഞെടുത്തയയ്ക്കുന്നു..." എന്നാണ് ഇന്നസെന്റ് വിശദീകരിക്കുന്നത്.

ഒറ്റപ്പെട്ടതായിരുന്നില്ല ചാലക്കുടി മണ്ഡലത്തിൽ (പഴയ മുകുന്ദപുരം) ഇന്നസെന്റിനെ ഇടതുപക്ഷം സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചപ്പോഴുണ്ടായ വിമർശനം. പൊതുവേ വിമർശനത്തോടെ വസ്തുതകളെ സമീപിക്കുന്ന ഇടതുപക്ഷത്തിന്റെ വോട്ടർമാരിൽ വലിയ ആശങ്കയാണ് ആ സ്ഥാനാർത്ഥിത്വം ഉയർത്തിയത്. വായനശാലകളിലും ചായക്കടകളിലുമിരുന്നു രാഷ്ട്രീയം ചർച്ച ചെയ്ത യുവാക്കളിൽ പലരും ഇടതുപക്ഷത്തിന്റെ ഈ നീക്കം വേണ്ടത്ര ഗൗരവത്തോടെയായിരുന്നില്ല എന്നു പോലും വിലയിരുത്തി.

ചൂടേറിയ രാഷ്ട്രീയ ചർച്ചകൾക്കിടയിൽ എൽ.ഡി.എഫിന്റെ ചാലക്കുടി മണ്ഡലത്തിലെ സ്ഥാനാർത്ഥി നിർണയത്തിനെതിരെ രൂക്ഷ വിമർശനമാണ് ഓരോരുത്തരും ഉന്നയിച്ചത്. ഒരു സിനിമാതാരത്തെ സ്ഥാനാർത്ഥിയാക്കുന്നതിലൂടെ ഗൗരവമുള്ള ഒരു രാഷ്ട്രീയ മത്സരത്തെ എൽ.ഡി.എഫ് തമാശയാക്കി എന്നായിരുന്നു വിമർശനത്തിന്റെ കാതൽ. രാഷ്ട്രീയ നിരീക്ഷകരും ആക്ടിവിസ്റ്റുകളും മുതൽ പ്രതിപക്ഷം വരെ ഈ വിമർശനം തുടർന്നു. കനത്ത പരാജയം പ്രവചിക്കപ്പെട്ടു.

എന്നാൽ, ഫലം വന്നപ്പോൾ വിമർശനങ്ങളെയും ആക്ഷേപങ്ങളെയും പ്രവചനങ്ങളെയും തോല്പിച്ച് ഇന്നസെന്റ് എന്ന സിനിമാക്കാരൻ ചാലക്കുടിയിൽ ജയിച്ചുകയറി. കോൺഗ്രസ് ദേശീയനേതൃനിരയിലെ പ്രമുഖനായ പി.സി. ചാക്കോയെ ആണ് ഇന്നസെന്റ് തോല്പിച്ചത്.

രാഷ്ട്രീയവും സാമൂഹ്യപ്രവർത്തനവും ഇന്നസെന്റിനു പുതിയ കാര്യമല്ല. "കമ്യൂണിസം കേട്ടാണ് ഞാൻ വളർന്നത്. അപ്പൻ കമ്യൂണിസ്റ്റുകാരനായിരുന്നു." ഇന്നസെന്റ് ഇങ്ങനെ പലവട്ടം പറഞ്ഞിട്ടുണ്ട്. പഴയകാലത്ത് അദ്ദേഹം പ്രാദേശിക തെരഞ്ഞെടുപ്പിൽ സോഷ്യലിസ്റ്റ് പാർട്ടി സ്ഥാനാർത്ഥിയായി മത്സരിച്ചിട്ടുമുണ്ട്. പക്ഷേ, ഇടയ്ക്കുവച്ചു സിനിമാഭിനയം തൊഴിലായി തെരഞ്ഞെടുത്തുവെന്നു മാത്രം.

പല സ്വതന്ത്രസ്ഥാനാർത്ഥികളെയും ഇടതുപക്ഷം മുൻപു കേരളത്തിൽനിന്നു ജയിപ്പിച്ചുവിട്ടിട്ടുണ്ട്. എന്നാൽ, ചുരുക്കം ചിലരേ ഇടതുപക്ഷത്തിനു പിന്നീടും പ്രയോജനപ്പെട്ടിട്ടുള്ളൂ. ഈ ചുരുക്കം ചിലരിൽ ഇന്നസെന്റും പെടുമെന്ന് അദ്ദേഹം മണ്ഡലത്തിൽ നടത്തുന്ന വികസനപ്രവർത്തനങ്ങളുടെ സ്വഭാവം വിലയിരുത്തിയാലറിയാം. 1957-ൽ രൂപപ്പെട്ട മുകുന്ദപുരം ലോകസഭാ മണ്ഡലത്തിൽ 13 തെരഞ്ഞെടുപ്പുകൾ നടന്നിട്ടുണ്ട്. വെറും മൂന്നുതവണ മാത്രമാണ് ഇടതുപക്ഷ സ്ഥാനാർത്ഥികൾ ഇവിടെനിന്നു വിജയിച്ചത്. ചാലക്കുടിയായി രൂപാന്തരപ്പെട്ടതിനു ശേഷമുള്ള രണ്ടാമത്തെ തെരഞ്ഞെടുപ്പിലാണ് ഇന്നസെന്റ് 13,884 വോട്ടിന്റെ ഭൂരിപക്ഷത്തോടെ നാലാമത് ഒരിക്കൽക്കൂടി ഇടതുവിജയം സൃഷ്ടിച്ചത്. നിസ്സാരക്കാരായിരുന്നില്ല ഈ മണ്ഡലത്തെ മുൻപു പ്രതിനിധാനം ചെയ്തിരുന്നത്. പനമ്പിള്ളി ഗോവിന്ദമേനോൻ, കെ. കരുണാകരൻ, ഇ. ബാലാനന്ദൻ തുടങ്ങി കേരളത്തിലെയും ഇന്ത്യയിലെയും രാഷ്ട്രീയത്തിൽ തലയെടുപ്പോടെ ഉയർന്നുനിന്ന നിരവധിപേർ മുകുന്ദപുരത്തെ പ്രതിനിധീകരിച്ച് എം.പിമാരായി. ഇവരിൽ പലരും ശ്രദ്ധേയമായ സാന്നിദ്ധ്യം അടയാളപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

തന്റെ രാഷ്ട്രീയബന്ധങ്ങളെക്കുറിച്ചു മുൻപു പലതവണ ഇന്നസെന്റ് എഴുതിയിട്ടുണ്ട്. പക്ഷേ, ഒരു പാർട്ടിയുടെയും സജീവപ്രവർത്തകൻ എന്ന നിലയിലേക്ക് അദ്ദേഹം വളർന്നിരുന്നില്ല. എന്നാൽ, പാർലമെന്ററി

പ്രവർത്തനത്തെ വ്യക്തമായ കാഴ്ചപ്പാടോടെ രാഷ്ട്രീയപ്രവർത്തനമാക്കി മാറ്റുകയാണ് അദ്ദേഹം എന്നു മണ്ഡലത്തിലെ വോട്ടർമാർ പറയുന്നു. മുൻപ് മുകുന്ദപുരമായ ചാലക്കുടിയിൽനിന്നും ജയിച്ചു രാഷ്ട്രീയത്തിലെ അതികായന്മാരിൽനിന്നും അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നത് ഇതാണ്. കാലാവധിയുടെ പാതി പിന്നിടുമ്പോൾ മണ്ഡലത്തിൽ അദ്ദേഹം നടപ്പാക്കിയ വികസനപ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ തെളിയുന്ന ചിത്രവും ഇതാണ്.

## വികസനപ്രവർത്തനങ്ങളും കാഴ്ചപ്പാടും

മണ്ഡലത്തിന്റെ ചരിത്രത്തിൽത്തന്നെ ഏറ്റവുമധികം വികസന പദ്ധതികൾ ആവിഷ്കരിക്കപ്പെട്ട കാലയളവാണ് തന്റേതെന്ന് ഇന്നസെന്റ് എം.പി അവകാശപ്പെടുന്നു. കാർഷിക-ഗ്രാമീണ-പിന്നാക്ക പ്രദേശങ്ങൾ ഉൾപ്പെടുന്ന ചാലക്കുടിയുടെ സാമൂഹ്യജീവിതത്തെ നിർണായകമായി സ്വാധീനിക്കാൻ കഴിയുന്ന വ്യത്യസ്തവും വൈവിധ്യപൂർണവുമായ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. നിയോലിബറൽ കാലത്തെ വികസന മുൻഗണനകളോ കെട്ടുകാഴ്ചകളോ അല്ല ചാലക്കുടിയെ ഇന്നു വ്യത്യസ്തമാക്കുന്നതെന്നും ഇന്നസെന്റ് അവകാശപ്പെടുന്നു. മറിച്ച് അവയോടുള്ള പ്രതിരോധമാണ് ബോധപൂർവ്വം തന്നെ വളർത്തിയെടുക്കുന്നത്. ആരോഗ്യമേഖലയിൽ ഇന്നസെന്റ് എം.പി ആവഷ്കരിച്ചു നടപ്പാക്കുന്ന പദ്ധതികൾതന്നെ ഉദാഹരണം. വമ്പിച്ച പ്രതികരണമാണ് അവ ഉളവാക്കുന്നത്. വിദ്യാഭ്യാസം, കുടിവെള്ളം, അടിസ്ഥാന സൗകര്യം, ടൂറിസം തുടങ്ങി ഭൗതിക വികസനത്തിന്റെ ഏതു മേഖലയിലും വ്യത്യസ്തമാം വിധം കയ്യൊപ്പു ചാർത്താൻ ഇതിനകം തനിക്കു കഴിഞ്ഞിട്ടുണ്ട്. പാർലമെന്റിൽ അദ്ദേഹം ഉന്നയിച്ച വിഷയങ്ങളാകട്ടെ, രാജ്യമാകെ സജീവ ചർച്ചാവിഷയം ആവുകയും ചെയ്തു.

വ്യക്തമായ ദിശാബോധത്തോടെയാണ് ഇന്നസെന്റിന്റെ വികസനപ്രവർത്തനങ്ങളെന്ന അവകാശവാദത്തിൽ കുറേയൊക്കെ കഴമ്പുണ്ടെന്ന് അവയുടെ പ്രാഥമികമായ വിശകലനത്തിൽനിന്നു മനസ്സിലാക്കാൻ കഴിയും. ഒന്നാമതായി വ്യക്തമായ രാഷ്ട്രീയ കാഴ്ചപ്പാടു വികസനപ്രവർത്തനങ്ങൾക്കുണ്ട്. രണ്ടാമതായി ഈ വികസനപ്രവർത്തനങ്ങൾ ആത്യന്തികമായി പ്രയോജനപ്പെടുന്നതു സമൂഹത്തിലെ അവശവിഭാഗങ്ങൾക്കാണ്. ഒരു ജനവിഭാഗത്തിനു സഹായമെത്തിക്കുമ്പോൾ അതു ശക്തമായ ഒരു വോട്ടുബാങ്കാണോ എന്ന പരിഗണനയൊന്നും ഇന്നസെന്റിനില്ല. ഏറെ ജനസംഖ്യയൊന്നുമില്ലാത്തതും രാഷ്ട്രീയമായി വിലപേശൽ ശേഷിയില്ലാത്തതുമായ ആദിവാസികളുടെ കോളനികളിൽ കുടിവെള്ളവും വൈദ്യുതിയുമെത്തിച്ചതുതന്നെ ഉദാഹരണം.

“വോട്ടർമാർക്ക് അവരുടെ അവകാശങ്ങൾ ഉറപ്പുവരുത്തുമ്പോൾ ഞാൻ കക്ഷിരാഷ്ട്രീയമോ എന്നോടുള്ള എതിർപ്പോ കണക്കാക്കാറില്ല. എന്റെ സ്ഥാനാർത്ഥിത്വത്തെ വിമർശിച്ച വായനശാലക്കാർക്കും ഞാനെന്റെ എം.പി. ഫണ്ടിൽനിന്നു കാര്യമായ വിഹിതം കൊടുത്തു...” ഇന്നസെന്റ് പറയുന്നു.

അതേസമയം, അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി, ചാലക്കുടി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കാതിക്കുടം പോലെയുള്ള വ്യവസായ യൂണിറ്റുകൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് അദ്ദേഹത്തിന്റെ നിലപാടുകൾ സി.പി.ഐ.(എം) ഔദ്യോഗികമായി കൈക്കൊള്ളുന്ന നിലപാടുകളോടു സമാനമാണ് എന്നുള്ളതു ചിലർക്കെങ്കിലും അദ്ദേഹത്തിനു നൂറിൽ നൂറ് മാർക്കിടുന്നതിനു തടസ്സമായേക്കാം.

“ഒരു കാതിക്കുടം മാത്രമല്ല... പാരിസ്ഥിതികപ്രശ്നങ്ങൾ സൃഷ്ടിച്ചേക്കാവുന്ന നിരവധി വ്യവസായ യൂണിറ്റുകൾ മണ്ഡലത്തിലുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധയിൽ പെടുമ്പോഴേയ്ക്കും ഇവയൊക്കെ അടച്ചുപൂട്ടണമെന്നു വാദിക്കാൻ തുടങ്ങിയാൽ നാട്ടിൽ വ്യവസായങ്ങളോ തൊഴിലോ ഉണ്ടാകില്ല. അതുകൊണ്ട് ഇവിടങ്ങളിൽനിന്നുള്ള മാലിന്യസംസ്കരണം ശാസ്ത്രീയമായി നടപ്പാക്കാനാണ് ശ്രമിക്കേണ്ടത്. വ്യവസായങ്ങൾ അടച്ചുപൂട്ടുകയല്ല വേണ്ടത്. അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയെ അപ്പാടെ എതിർക്കുന്നതിൽ കാര്യമില്ല. ഇപ്പോൾത്തന്നെ അന്യസംസ്ഥാനങ്ങളെ വൈദ്യുതി കാര്യത്തിൽ ആശ്രയിച്ചാണ് നമ്മുടെ സംസ്ഥാനം കഴിയുന്നത്. പരിസ്ഥിതിക്ക് ഉണ്ടാകുന്ന നഷ്ടം ഏറ്റവും കുറച്ച് അതു നടപ്പാക്കാൻ കഴിയുമോ എന്നാണ് ആലോചിക്കേണ്ടത്.” ഇതേക്കുറിച്ചു ചോദിച്ചപ്പോൾ ഇന്നസെന്റ് പറഞ്ഞതിങ്ങനെ.

## കുടിവെള്ളവും വൈദ്യുതിയും

1957-ലാണ് ചാലക്കുടിപ്പുഴയ്ക്കു കുറുകെയുള്ള പെരിങ്ങൽകുത്ത് അണക്കെട്ടിൽ ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം പൂർത്തിയാകുന്നത്. അണക്കെട്ടിന്റെ നിർമ്മാണത്തിനായി പുറമേനിന്ന് എത്തിയ തൊഴിലാളികളിൽ പലരും ഇവിടെ സ്ഥിരതാമസമാക്കുകയും ചെയ്തു. പക്ഷേ, ഡാമിൽ നിറയെ വെള്ളമുള്ളപ്പോഴും ആദിവാസികളുൾപ്പെടെയുള്ള ജനവിഭാഗത്തിനു ശുദ്ധമായ കുടിവെള്ളം അപ്രാപ്യമായിരുന്നു. കുന്നിൻമുകളിലും വനപ്രദേശങ്ങളിലുമായി താമസിക്കുന്ന പെരിങ്ങൽകുത്തിലെ ജനങ്ങളുടെ ചിരകാലാഭിലാഷമായിരുന്നു കയ്യെത്തും ദൂരെ കിട്ടുന്ന കുടിവെള്ളം. വർഷങ്ങളുടെ ഈ കാത്തിരിപ്പിനു വിരാമമായിരിക്കുന്നു ഇപ്പോൾ. 69 ലക്ഷം രൂപ ചെലവിൽ എം.പി ആവിഷ്കരിച്ച കുടിവെള്ള പദ്ധതി താമസിയാതെ നിർമ്മാണം പൂർത്തിയാക്കുമെന്ന് ഇന്നസെന്റ് പറയുന്നു.

ഇതോടൊപ്പം മണ്ഡലത്തിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന ദളിത്-ആദിവാസി കോളനികളിലേക്കും ഗ്രാമീണപ്രദേശങ്ങളിലേക്കുമായി മറ്റ് അഞ്ചു കുടിവെള്ള പദ്ധതികൾ കൂടി നടപ്പാക്കിവരികയാണ്. ദീർഘകാലത്തെ മുറവിളികൾക്കും പരാതികൾക്കുമാണ് എം.പി പരിഹാരം കാണുന്നത്. എം.പി ഫണ്ട് ഉപയോഗിച്ചും ഇതര സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിയും സുസ്ഥിര പദ്ധതികളാക്കി മാറ്റിയും മറ്റു പ്രദേശങ്ങളിലേക്കു വ്യാപിപ്പിക്കുക എന്നതാണ് ഇനിയുള്ള ലക്ഷ്യം.

# ദരിദ്രജനക്ഷേമം ലക്ഷ്യം

രണ്ടുസഹോദരിമാരും ഒരു സഹോദരനും അമ്മയും ഭാര്യയും രണ്ടു മക്കളുമടങ്ങുന്ന കുടുംബമാണ് പട്ടിക ജാതി സമുദായാംഗവും പുല്ലൂറ്റ് സ്വദേശിയുമായ നാല്പ ത്തിയേഴുകാരനായ പ്രദീപ് കുമാറിന്റേത്. സഹോദരനും ഒരു സഹോദരിയും അർബ്ബുദരോഗബാധിതരാണ്. ഒരു സഹോദരിയാകട്ടെ, മാനസികരോഗമുള്ളയാളും. രണ്ടുവർഷമായി പ്രദീപ് കുമാറിന്റെ വൃക്കകളുടെ പ്രവർത്തനം തകരാറിലായിട്ട്. കൊടിയ ദാരിദ്ര്യവും രോഗപീഡയും നിമിത്തം ആത്മഹത്യയുടെ വക്കത്തെത്തിനിൽക്കുന്ന കുടുംബം. മൂക്കറ്റം കടത്തിൽ മുങ്ങിനിൽക്കുകയാണ് ഇപ്പോൾ പ്രദീപ്. കഴിഞ്ഞ സർക്കാരിന്റെ കാലത്തു തന്റെ അവസ്ഥ കാണിച്ചു മന്ത്രി എ.പി. അനിൽ കുമാറിനും ഇപ്പോൾ മന്ത്രി എ.കെ. ബാലനും അദ്ദേഹം നിവേദനം നൽകിയിരുന്നു. എന്നാൽ, യാതൊരു നടപടിയുമാകാത്തതിനാൽ താൻ അങ്ങേയറ്റം നിരാശനാണെന്ന് പ്രദീപ് കുമാർ പറയുന്നു.

ആഴ്ചയിൽ രണ്ടുതവണ ഡയാലിസിസിനു വിധേയനാകണം പ്രദീപ് കുമാറിന്. ഏറെ ചെലവുള്ള കാര്യമായതിനാൽ ദരിദ്രനായ പ്രദീപ് കുമാറിനു സ്വകാര്യ ആശുപത്രികളെ ഇക്കാര്യത്തിനായി ആശ്രയിക്കാനായി കഴിയില്ലായിരുന്നു. അടുത്ത കാലം വരെ ഏറെ ദൂരെയുള്ള തൃശ്ശൂർ മെഡിക്കൽ കോളേജിനെയായിരുന്നു ചികിത്സയ്ക്കും ഡയാലിസിസിനുമായി ആശ്രയിച്ചിരുന്നത്. എന്നാൽ, കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ ഇന്നസെന്റ് എം.പി. തന്റെ ഫണ്ട് ചെലവഴിച്ചു ഡയാലിസിസ് യൂണിറ്റ് തുടങ്ങിയത് പ്രദീപ് കുമാറിന് ഏറെ ഉപകാരപ്പെട്ടു. കഴിഞ്ഞ മൂന്നുമാസമായി താൻ യാത്രാച്ചെലവായ വെറും 14 രൂപയേ ഡയാലിസിസിനായി ചെലവിടുന്നുള്ളൂവെന്ന് പ്രദീപ് കുമാർ പറയുന്നു.

എം.പി. ഫണ്ട് പ്രയോജനപ്പെടുത്തി കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽത്തന്നെ സ്ഥാപിച്ചിട്ടുള്ള മാമോഗ്രാം യൂണിറ്റ് വലിയ സാമ്പത്തിക ബാധ്യതയിൽനിന്നു തന്നെ ഒഴിവാക്കിയെന്നാണ് വലപ്പാട് സ്വദേശിയായ ജെസ്സിക്കു പറയാനുള്ളത്. നാട്ടിൽ ചെറിയ തോതിൽ ഇലക്ട്രീഷ്യൻ ജോലിയും പ്ലംബിംഗും മറ്റും ചെയ്യുന്ന ഭർത്താവ് ഷാജിയുടെ വരുമാനമാണ് മൂന്നു മക്കളടങ്ങുന്ന ജെസ്സിയുടെ കുടുംബത്തിന്റെ ഏക ആശ്രയം. കക്ഷത്തോടു ചേർന്ന് ഒരു ചെറിയ മുഴ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് ജെസ്സി മാമോഗ്രാം ചെയ്തത്. പരിശോധനയിൽ അത് അർബ്ബുദമല്ലെന്നു വ്യക്തമാകുകയും ചെയ്തു.

പ്രദീപിനെപ്പോലെ, ജെസ്സിയെപ്പോലെ നിർധനരായ നിരവധി പേർ അതിരറ്റ നന്ദിയോടെയാണ് ഇന്നസെന്റിനെ ഓർക്കുന്നത്. മുന്നോട്ടുള്ള ജീവിതം സാധ്യമാകാത്ത അവസ്ഥയിൽ പെട്ടുപോയ നിരവധി പേരുടെ ജീവിതത്തിൽ ഒരു ജനപ്രതിനിധിയെന്ന നിലയിൽ അദ്ദേഹം നടപ്പാക്കിയ പദ്ധതികൾ ചെന്നുതൊടുകയായിരുന്നു. പെരിങ്ങൽകുത്ത് മേഖലയിലെ കുടിവെള്ള പദ്ധതിയായാലും ആദിവാസിക്കോളനികൾ വൈദ്യുതീകരിക്കുന്ന ഉദ്യമമായാലും അതിന്റെ ഗുണഭോക്താക്കൾ സാധാരണക്കാരിൽ സാധാരണക്കാരായ ആളുകളാണ്.

''കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ സ്ഥാപിച്ച മാമോഗ്രാം യൂണിറ്റും ഡയാലിസിസ് സെന്ററും പ്രയോജനപ്പെടുന്നതു സാധാരണക്കാരായ ഒട്ടനവധി പേർക്കാണ്. ആരോഗ്യമേഖല താങ്ങാനാകാത്തവിധം സാമ്പത്തിക ചൂഷണത്തിനിരയാകുന്ന ഈ സന്ദർഭത്തിൽ പൊതുജനത്തിനു ചികിത്സയ്ക്കു സഹായകമാകുന്ന സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ അദ്ദേഹമെടുക്കുന്ന പ്രയത്നം പ്രശംസനീയമാണ്. ഇപ്പോൾ മണ്ഡലത്തിലെ മുഴുവൻ പേരുടെയും ആരോഗ്യസ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചു സൂക്ഷിക്കാനുള്ള അദ്ദേഹം നടത്തുന്ന ശ്രമത്തിൽ ഞാനും ഭാഗഭാക്കാകുന്നുണ്ട്.'' കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിലെ ഡോ. റോഷ് പറയുന്നു.

ഇത്രയും ജനകീയനായ ഒരു ജനപ്രതിനിധിയെ ഇതിനു മുൻപ് ചാലക്കുടി കണ്ടിട്ടില്ലെന്നു പ്രദേശത്തു പത്രപ്രവർത്തകനായ ലാലുമോൻ പറയുന്നു. ദുർബ്ബല ജനവിഭാഗങ്ങളുടെ ക്ഷേമത്തിന്റെ കാര്യത്തിൽ അദ്ദേഹമെടുക്കുന്ന താല്പര്യം ശ്രദ്ധേയമാണ്. പെരിങ്ങൽകുത്ത് പ്രദേശത്തു വെള്ളമെത്തിക്കുന്ന കാര്യത്തിലായാലും ആദിവാസിക്കോളനികളിൽ വെളിച്ചമെത്തിക്കുന്ന കാര്യത്തിലായാലും അദ്ദേഹം വോട്ടുബാങ്ക് രാഷ്ട്രീയം നോക്കിയിട്ടില്ല-ലാലുമോൻ ചൂണ്ടിക്കാട്ടി. ●

ഇതിനായി ഒരു പ്രവർത്തന പരിപാടിയും തയ്യാറാക്കിയിട്ടുണ്ട്-ഇന്നസെന്റ് അറിയിച്ചു. ചാലക്കുടിക്കു സമീപം ആദിവാസി-ദളിത് ജനവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന പഞ്ചായത്താണ് കോടശ്ശേരി. 'ആദർശഗ്രാമം' ആയി തെരഞ്ഞെടുത്തതും ഈ പഞ്ചായത്തിനെയാണ്. കോടശ്ശേരി പഞ്ചായത്തിലെ ഒറ്റപ്പെട്ടതും വിദൂരസ്ഥവുമായ നാഗത്താൻപാറ കോളനിയിലേക്കു നാളിതുവരെ വൈദ്യുതി എത്തിയിരുന്നില്ല. വന്യമൃഗങ്ങളുടെ ആക്രമണ ഭീഷണി കൂടി ഉള്ളതിനാൽ രാത്രികാലങ്ങളിൽ ഈ കോളനിവാസികൾ മലയിറങ്ങി വന്ന് അവരുടെ ബന്ധുവീടുകളിൽ താമസിക്കുകയാണ് പതിവ്. പതിറ്റാണ്ടുകളായി ഈ ശീലം തുടരുകയാണ്. ഇവിടേക്ക് ആദ്യമായി വൈദ്യുതിയെത്തുന്നത് ഇന്നസെന്റ് എം.പിയുടെ ശ്രമഫലമായാണ്. ''ചാലക്കുടി എം.എൽ.എ ബി.ഡി. ദേവസിയുടെ കൂടി അഭ്യർത്ഥനപ്രകാരമാണ് എം.പി ഫണ്ട് ഉപയോഗിച്ചു കോള

നിയിലെ മുഴുവൻ വീടുകളിലേക്കും കറന്റ് എത്തിച്ചത്. അപ്പോൾ ആ മനുഷ്യജീവികളുടെ മുഖത്തു നൂറു വാട്ടിന്റെ ബൾബിനേക്കാൾ തെളിച്ചമുണ്ടായിരുന്നു. പതിറ്റാണ്ടുകൾ ഇരുട്ടിൽ മാത്രം കഴിഞ്ഞവരല്ലേ?'' ഇന്നസെന്റ് പറഞ്ഞു.

## 'ശ്രദ്ധ' കാൻസർ പ്രതിരോധ പദ്ധതി

തന്റെ വീട്ടുമുറ്റത്തെ മുരിങ്ങച്ചോട്ടിൽനിന്നു ലോകത്തെ കണ്ടാണ് ഇന്നസെന്റിനു ജീവിതത്തിൽ ശീലം. ഏതൊരു കാര്യത്തെക്കുറിച്ച് അദ്ദേഹത്തോടു ചോദിച്ചാലും തന്റെ ജീവിതത്തിലെ ഒരനുഭവവുമായി ബന്ധിപ്പിച്ചേ അദ്ദേഹം അതിനെ വിവരിക്കൂ. ദാരിദ്ര്യം, രോഗം, അവശതകൾ എന്നിവയോടു നിർമമവും നർമം കലർന്നതുമായ ഒരു നിലപാടാണ് അദ്ദേഹത്തിനുള്ളതെന്നു തോന്നും ഇന്നസെന്റ് സംസാരിക്കുന്നതു കേട്ടാൽ. യഥാർത്ഥത്തിൽ അന്യന്റെ കഷ്ടതകളോട് അങ്ങേയറ്റം അനുതാപമുള്ളയാളാണ് ഇന്നസെന്റ് എന്നതിനു മണ്ഡലത്തിൽ നടപ്പാക്കിയ ശ്രദ്ധ കാൻസർ പ്രതിരോധ പദ്ധതി തന്നെ ഉദാഹരണം.

കാൻസർ രോഗം അതിജീവിച്ചു ജീവിതത്തിലേക്കു മടങ്ങിയെത്തുമ്പോഴാണ് അദ്ദേഹം തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത്. എം.പിയായി തെരഞ്ഞെടുക്കപ്പെട്ട് ഒരു വർഷം പിന്നിട്ടപ്പോഴേയ്ക്കു കാൻസർ അദ്ദേഹത്തെ വീണ്ടും ആക്രമിച്ചു. തളരാത്ത മനസ്സോടെ ആറു മാസം ചികിത്സയിൽ കഴിഞ്ഞു. ഇതിനൊപ്പം മണ്ഡലത്തിലെ പരിപാടികളിൽ അദ്ദേഹം സജീവമായിരുന്നു. രണ്ടാം തവണയും രോഗം ബാധിച്ച ഒരാൾക്ക് ഉണ്ടാവുന്ന ശാരീരിക-മാനസിക പ്രയാസങ്ങൾ മറികടന്ന് ഇന്നസെന്റ് ജനങ്ങൾക്കിടയിൽ നിറഞ്ഞുനിന്നു. എഴുതിയും പ്രസംഗിച്ചും തമാശകൾ പറഞ്ഞും പാർലമെന്റിൽ പങ്കെടുത്തും പൊരുതിത്തന്നെ നിന്നു. വിദേശത്തു ചികിത്സ നേടണം എന്നു സുഹൃത്തുക്കൾ നിർബന്ധിച്ചപ്പോഴും ഡൽഹിയിൽ എ.ഐ.ഐ.എം.എസ്സിൽ മതിയെന്ന് അദ്ദേഹം തീരുമാനിച്ചു. ഇതിനായി സർക്കാർ പണം ഉപയോഗപ്പെടുത്തേണ്ട എന്നായിരുന്നു ഇന്നസെന്റിന്റെ തീരുമാനം.

''സാധാരണക്കാരനായ ഒരാൾക്കു കാൻസർ വന്നാലുണ്ടാകുന്ന സ്ഥിതിയെന്തായിരിക്കുമെന്ന് അപ്പോഴാണ് ഞാൻ ചിന്തിച്ചത്. ഭാഗ്യത്തിന് എന്റെ ചികിത്സയ്ക്ക് എന്റെ കൈയിൽ പണമുണ്ടായിരുന്നു. എന്നാൽ, പാവപ്പെട്ട ഒരാൾക്ക് ഇങ്ങനെയൊരു അസുഖം വന്നാൽ എന്തായിരിക്കും സ്ഥിതി...? താൻ ധൈര്യത്തോടെയാണ് രോഗത്തെ നേരിട്ടത്. കൈയിൽ പണവുമുണ്ടായിരുന്നു. രോഗം വന്നാൽ ധൈര്യം മാത്രം പോരല്ലോ. ചികിത്സയ്ക്കായി പണവും സൗകര്യങ്ങളും വേണം. പാവപ്പെട്ട മനുഷ്യർക്ക് ഇതെവിടെ നിന്നുണ്ടാകും?''

ഇന്നസെന്റിന്റെ ഈ ആശങ്കയ്ക്കും ശ്രദ്ധ കാൻസർ പദ്ധതിയുടെ ആവിഷ്കാരത്തിൽ ഒരു പങ്കുണ്ട്. സവിശേഷ നേട്ടം കൈവരിച്ച കേരളത്തിന്റെ പൊതുജനാരോഗ്യ മേഖല പുതിയ ചില പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന സന്ദർഭത്തിലാണ് ഒരു ലോക്സഭാ മണ്ഡലത്തിന്റെ പരിധിക്കുള്ളിൽ ഒതുങ്ങുന്നതെങ്കിൽ പോലും ഇന്നസെന്റിന്റെ ഈ ഇടപെടൽ എന്നതു ശ്രദ്ധേയമാണ്.

ജീവിതശൈലി രോഗങ്ങളുടെയും മാരകസ്വഭാവമുള്ള രോഗങ്ങളുടെയും വ്യാപനം, കുതിച്ചുയരുന്ന ചികിത്സാച്ചെലവ്, സൂപ്പർ സ്പെഷ്യാലിറ്റി-മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ സൃഷ്ടിക്കുന്ന ആരോഗ്യപരിപാലനത്തിന്റെ വരേണ്യവൽക്കരണം തുടങ്ങിയ പ്രശ്നങ്ങളെയാണു നേരിടുന്നത്. പൊതുജനാരോഗ്യ മേഖലയുടെ ശാക്തീകരണം എന്ന പൊതുസമീപനം ഉയർത്തിപ്പിടിക്കുമ്പോൾത്തന്നെ വിഭവപ്രതിസന്ധി ഇന്നു വലിയ പരിമിതിയാണ്. ഇത്തരമൊരു പശ്ചാത്തലത്തിൽ കേരളത്തിനും രാജ്യത്തിനും മാതൃകയാകുംവിധം പൊതുജനാരോഗ്യ സംവിധാനത്തെ ശക്തിപ്പെടുത്താൻ സമഗ്രമായ ഒരു പദ്ധതിയാണ് ഇന്നസെന്റ് ചാലക്കുടിയിൽ ആവിഷ്കരിച്ചു നടപ്പാക്കുന്നത്. കാൻസർ-വൃക്ക-ഹൃദ്രോഗ ചികിത്സാരംഗത്തു സർക്കാർ ആശുപത്രികളെ സ്വയംപര്യാപ്തവും സജ്ജവുമാക്കുക എന്ന ലക്ഷ്യത്തോടെയാണ് 'ശ്രദ്ധ' പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. കേരളത്തിൽ കാൻസർ രോഗത്തിന്റെ പ്രവണതകളെ വിലയിരുത്തുന്ന നിരവധി പഠനങ്ങളിൽ സ്ത്രീകളിൽ ഏറ്റവുമധികം കാണുന്നതു സ്തനാർബുദമാണ് എന്നാണ് ചൂണ്ടിക്കാണിക്കുന്നത്. കാൻസർ രോഗബാധിതരാകുന്ന സ്ത്രീകളിൽ 33 ശതമാനം പേരും സ്തനാർബുദബാധിതരാണ്. രോഗപ്രതിരോധത്തിനു കാര്യമായ ഊന്നൽ നൽകുന്നില്ലെന്നതും ചികിത്സാരംഗത്തെ ന്യൂനതകളിൽ ഒന്നായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഈ സാഹചര്യത്തിലാണ് രോഗപ്രതിരോധത്തിനായുള്ള വിപുലമായ ഒരു പദ്ധതിയുമായി ഇന്നസെന്റ് ഇടപെടുന്നത്.

## സൗജന്യ ഡയാലിസിസ് പദ്ധതിയും ഡാറ്റാബാങ്കും

ശ്രദ്ധ ഡയാലിസിസ് പദ്ധതിയും ഇതിനൊപ്പം നടപ്പാക്കുന്ന യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും അവസാനഘട്ടത്തിലാണ്. രണ്ടു യൂണിറ്റുകൾ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. ഇവയിൽ ഒന്നിൽ പൂർണമായും സൗജന്യമാണ് ചികിത്സ. മുഴുവൻ ആശുപത്രികളിലും സൗജന്യ ഡയാലിസിസ് എന്ന കാഴ്ചപ്പാടോടെയാണ് പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നത്. തദ്ദേശസ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സഹായത്തോടെയാണ് ഡയാലിസിസ് സൗജന്യമാക്കി മാറ്റുന്നത്.

ശ്രദ്ധ പദ്ധതിയുടെ ചുവടുപിടിച്ചു സംസ്ഥാനത്തെതന്നെ ഏറ്റവും വിപുലവും ജനകീയവുമായ ഒരു ആരോഗ്യ രക്ഷാപദ്ധതിക്കു തയ്യാറെടുക്കുകയാണ് തന്റെ മണ്ഡലമെന്ന് ഇന്നസെന്റ് പറയുന്നു. ചാലക്കുടി മണ്ഡലത്തിലെ മുഴുവൻ ജനങ്ങളുടെയും ആരോഗ്യവിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ടുള്ള ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനും ഇതിന്റെ തുടർച്ചയിൽ മണ്ഡലത്തിലെ മുഴുവൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും ശാക്തീകരിക്കുന്നതിനുമാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ചാലക്കുടി ലോക്സഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന 51 ഗ്രാമപഞ്ചായത്തുകളിലും അഞ്ച് നഗരസഭകളിലുമായി മു

# ജനകീയത മുഖമുദ്ര

സത്യൻ അന്തിക്കാട്

ഒരു ജനപ്രതിനിധി ജനകീയനാകുക എന്നതു തികച്ചും സൗഭാഗ്യകരമായ കാര്യമാണ്. ഇന്നസെന്റ് എം.പിയായപ്പോൾ എനിക്കു തോന്നിയതു നമ്മളിലൊരാൾ ജനപ്രതിനിധിയായി ചെല്ലുന്നു എന്നുതന്നെയാണ്. അദ്ദേഹം തെരഞ്ഞെടുപ്പിനു നിൽക്കുമ്പോൾ അതിനെ ആദ്യം നിരുത്സാഹപ്പെടുത്തിയ ഒരാളാണ് ഞാൻ. എന്തിനാണ് അദ്ദേഹം തന്റെ സ്വകാര്യതയും ഒരു നടനെന്ന നിലയിലുള്ള വ്യക്തിസ്വാതന്ത്ര്യവും നഷ്ടപ്പെടുത്തുന്നത് എന്നു ചോദിച്ചപ്പോൾ ഒരൊറ്റ ഉത്തരം കൊണ്ട് അദ്ദേഹം എന്റെ വായ അടപ്പിച്ചു. "മരണത്തിന്റെ വായിൽനിന്നു രക്ഷപ്പെട്ടു വന്നയാളാണ് ഞാൻ. ദൈവം എനിക്കു കുറച്ചുകൂടി ജീവിതം ബോണസ്സായി തന്നിട്ടുണ്ട്. അത് എന്തായാലും എനിക്കും ആലീസിനും കുട്ടികൾക്കുമായി ഒതുക്കാൻ സാധ്യമല്ല. അതു ഞാൻ മുഖാന്തിരം എന്റെ നാട്ടുകാർക്കു പ്രയോജനപ്പെടുന്ന ഒന്നായിരിക്കണം. അവർക്കു വേണ്ടി എന്തെങ്കിലും നന്മ ചെയ്യാൻ കഴിയുന്നതായിരിക്കണം". ഇതായിരുന്നു ഇന്നസെന്റിന്റെ ഉത്തരം. ആ ഉത്തരം എനിക്കു വളരെ സന്തോഷം തന്നു. കാരണം അങ്ങനെയൊരു കാഴ്ചപ്പാട് എടുക്കുകയെന്നത് ഒരു വ്യക്തി എന്ന നിലയിൽ അക്ഷരാർത്ഥത്തിൽ ഇന്നസെന്റായ ഒരാൾക്കു മാത്രം കഴിയുന്ന കാര്യമാണ്.



തെരഞ്ഞെടുപ്പിനുശേഷം അദ്ദേഹം ഇടപെടുന്ന കാര്യങ്ങൾ ഞാൻ ശ്രദ്ധിക്കാറുണ്ട്. തനിക്ക് അറിയാവുന്ന കാര്യങ്ങളെ മുൻനിർത്തിയാണ് അദ്ദേഹത്തിന്റെ ഇടപെടലുകൾ. അല്ലാതെ ഫ്ളെക്സിൽ പടം വരുത്താൻ ഒന്നും അദ്ദേഹം ചെയ്യാറില്ല. മാമോഗ്രാം യൂണിറ്റുകൾ സ്ഥാപിക്കാനെടുത്ത താല്പര്യം തന്നെ ആദ്യ ഉദാഹരണം. കാൻസർ രോഗബാധിതനായ സമയത്തു ഭാര്യ ആലീസിനും ഒരു പരിശോധന ആയിക്കളയാമെന്ന് അദ്ദേഹത്തിനു തോന്നി. കൈയിൽ കാശുള്ളതുകൊണ്ട് അതു സാധിച്ചു. അപ്പോഴാണ് ഭാര്യ ആലീസിനു രോഗത്തിന്റെ ചെറിയ തുടക്കമുണ്ടെന്നു തിരിച്ചറിയുന്നതും. അപ്പോൾത്തന്നെ സർജറിയിലൂടെ പൂർണമായി അതു മാറ്റുകയും ചെയ്തു. അത്തരം സൗകര്യങ്ങളില്ലാത്തവർക്കും അതു സാധിക്കണമെന്ന ചിന്തയിൽനിന്നാണ് സൗജന്യമായി മാമോഗ്രാം യൂണിറ്റുകൾ സ്ഥാപിക്കാൻ എം.പി. എന്ന നിലയിൽ അദ്ദേഹം മുൻകൈയെടുക്കുന്നത്.
സ്വന്തം ജീവിതാനുഭവങ്ങളെ മുൻനിർത്തിയാണ് അദ്ദേഹം രാഷ്ട്രീയത്തിലും വികസനകാര്യങ്ങളിലുമെല്ലാം ഇടപെടുന്നത്. ജീവിതായോധനത്തിന്റെ ഭാഗമായി പണ്ട് ഡൽഹിയിൽ പോയി ആർജിച്ച ഹിന്ദി പരിജ്ഞാനമാണ് അദ്ദേഹത്തെ പാർലമെന്റിൽ സംസാരിക്കാൻ സഹായിക്കുന്നത്. അതായതു തന്റെ ജീവിതാനുഭവങ്ങൾ തന്നെയാണ് അദ്ദേഹത്തിനു തന്റെ പൊതുപ്രവർത്തനത്തിന് അസംസ്കൃത വസ്തുവാകുന്നത്.

നമ്മുടെ നാട്ടിലെ രാഷ്ട്രീയമണ്ഡലത്തിലെ ഏറ്റവും വലിയ ദുരന്തം എന്നു പറയുന്നത് അഴിമതിയാണ്. ഒരു പ്യൂൺ തൊട്ടു ഭരണതലത്തിൽ ഉന്നതപദവികൾ അലങ്കരിക്കുന്ന രാഷ്ട്രീയക്കാർവരെ അഴിമതിക്കാരായിരിക്കുന്ന സാഹചര്യത്തിലാണ് നമ്മൾ ജീവിക്കുന്നത്. അങ്ങനെയൊരു സന്ദർഭത്തിൽ ജീവിക്കാൻ സർക്കാർ തരുന്ന ശമ്പളവും ഞാൻ സമ്പാദിച്ച പണവും മതിയെന്ന നിലപാട് പ്രയോഗവൽക്കരിക്കുന്നയാളാണ് ഇന്നസെന്റ്. ഒരു നയാപൈസ അഴിമതി നടത്തുന്നയാളല്ല അദ്ദേഹം. രാഷ്ട്രീയം അദ്ദേഹത്തിനു തൊഴിലല്ല. രാഷ്ട്രീയത്തിൽ കൊടിപിടിച്ചു നടക്കുന്നവനും ഖദറിട്ടു നടക്കുന്നവനുമൊക്കെ പൊതുവേ രാഷ്ട്രീയം ഒരു ഉപജീവനമാർഗ്ഗമാണ്. എന്നാൽ, ജീവിക്കാൻ ജോലിയും ജോലിക്കു പുറമേ ബാക്കിയുള്ള സമയം പൊതുജനസേവനവും എന്നതാണ് ഇന്നസെന്റിന്റെ കാഴ്ചപ്പാട്. ●

ഴുവൻ ജനങ്ങളും പങ്കെടുക്കുന്ന ആരോഗ്യസർവ്വേകളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കും. ഓരോരുത്തരുടേയും ആരോഗ്യസംബന്ധമായ വിവരങ്ങൾ ശേഖരിക്കുകയും ഇങ്ങനെ തയ്യാറാക്കുന്ന ഡാറ്റാ രജിസ്റ്റർ അതതു പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തി തുടർ പരിപാടി ആവിഷ്കരിക്കുകയും ചെയ്യും. മണ്ഡലത്തിലെ മുഴുവൻ ജനങ്ങളുടെയും വ്യക്തിഗത വിവരങ്ങൾ അതതു പ്രദേശത്തെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമാക്കും. ഓരോ പ്രദേശത്തെയും ജനങ്ങളുടെ ആരോഗ്യസ്ഥിതിയും പൊതുവായ ആരോഗ്യ പ്രവണതകളും മനസ്സിലാക്കാൻ കഴിയുന്നതോടെ അതിനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ സർക്കാരിനും ആരോഗ്യവകുപ്പിനും തദ്ദേശ സ്ഥാപനങ്ങൾക്കും സഹായകരമാവുകയും ചെയ്യും.

പകർച്ചവ്യാധികൾ അല്ലാത്ത മാരകരോഗങ്ങളുടെ പിടിയിൽ അമരുകയാണ് നമ്മുടെ സംസ്ഥാനമെന്നു പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. ഹൃദയസംബന്ധമായ രോഗങ്ങൾ, പ്രമേഹം, ഹൈപ്പർടെൻഷൻ, സ്ട്രോക്ക് തുടങ്ങിയ രോഗങ്ങൾ ബാധിച്ചാണ് 53 ശതമാനം മരണവും എന്നു പഠനങ്ങൾ സൂചിപ്പിക്കുന്നു. ജീവിതശൈലി മൂലവും തക്കസമയത്ത് ആരോഗ്യ പരിശോധനകൾ നടത്താത്തതിനാലും രോഗം മൂർച്ഛിക്കുമ്പോഴാണ് പലരും വിവരം അറിയുന്നത്. ഈ സാഹച

ര്യത്തിൽ മണ്ഡലത്തിലെ മുഴുവൻ ജനങ്ങളെയും മെഡിക്കൽ പരിശോധനയ്ക്കു വിധേയമാക്കി അവരുടെ ആരോഗ്യസ്ഥിതി നിർണയിക്കുന്നതിനുള്ള ബൃഹത്തായ ഒരു പദ്ധതിയാണ് ഈ വർഷം എം.പിയുടെ നേതൃത്വത്തിൽ നടപ്പാക്കുക. ഇതോടൊപ്പം ചാലക്കുടി മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ (Primary Health Centres) സ്ഥിതി മെച്ചപ്പെടുത്താനുള്ള പദ്ധതിയും തയ്യാറായിട്ടുണ്ട്.

## വിദ്യാഭ്യാസരംഗത്തെ ഇടപെടൽ

വിദ്യാഭ്യാസരംഗത്തെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരവും അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുന്നതിനാണ് ഇന്നസെന്റ് പരിഗണന നൽകുന്നത്. എം.പി. ഫണ്ട് സർക്കാർ സ്കൂളുകൾക്കു മാത്രമേ നൽകൂ എന്നതാണ് നയം. അതിന്റെ അടിസ്ഥാനം പാലിച്ചാണ് സഹായമെത്തിക്കൽ.

ഞാൻ അടിസ്ഥാനപരമായി ഒരു രാഷ്ട്രീയക്കാരനാണ്. ക്ഷേമം പുലരുന്ന ലോകം സ്വപ്നം കാണുന്ന ഒരു രാഷ്ട്രീയക്കാരൻ. അതുകൊണ്ടുതന്നെ പൊതുമേഖലയെ ശക്തിപ്പെടുത്തൽ എന്റെ കടമയാണ്-എം.പി. ഫണ്ട് സർക്കാർ സ്കൂളുകൾക്കു മാത്രമേ നൽകൂ എന്ന നയത്തിന് അടിസ്ഥാനമെന്തെന്നു ചോദിച്ചാൽ ഇതാണ് അദ്ദേഹത്തിന്റെ ഉത്തരം.

പിന്നെ ഒരു കഥ കൂടി പറഞ്ഞു.

കുട്ടിക്കാലത്താണ് സംഭവം. സ്കൂൾ വിദ്യാർത്ഥിയായിരിക്കുന്ന കാലം. നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായങ്ങളോടു ചേർന്നുപോകുന്ന ബുദ്ധിയായിരുന്നില്ല തന്റേതെന്ന് അക്കാലത്തെക്കുറിച്ചു പറയുമ്പോൾ ഇന്നസെന്റ് കൂട്ടിച്ചേർക്കും. അങ്ങനെയൊരു കാലം. അക്കാലത്തു സ്കൂളിൽ പോകുന്നതിലാണ് മേളം. ക്ലാസ്സിലിരിക്കുന്നതിലല്ല ഹരം. നടന്നാണു പോകുക. പോകുന്ന വഴി പല 'കലാപരിപാടി'കളുമുണ്ട്. അങ്ങനെ ഒരു ദിവസം ഒരു ചാക്യാരുടെ പറമ്പിലൂടെ പോകേണ്ടിവന്നു. പറമ്പിൽ കയറിയപ്പോഴാണ് ഒരു തൈത്തെങ്ങ് കുലച്ചങ്ങനെ നിൽക്കുന്നതു കണ്ടത്. ഒരാവശ്യവുമില്ലാതെ അതിൽ കയറി ഒരിളനീര് ഇട്ടുകുടിക്കണമെന്നു തോന്നി. തൊട്ടടുത്തു കുളമുണ്ട്. കുളക്കടവും കുളപ്പുരയുമുണ്ട്. നോക്കിയപ്പോൾ കുളത്തിൽ വെള്ളമനങ്ങുന്നില്ല എന്നു മനസ്സിലായി. ചാക്യാര് കുളി കഴിഞ്ഞു പോയി എന്നു മനസ്സിലായി. പിന്നെ ധൈര്യം സംഭരിച്ചു തെങ്ങിലേക്കു വലിഞ്ഞുകയറി. നാലഞ്ച് ഇളനീരിട്ടു താഴെയിറങ്ങിയതും ഇതാ നിൽക്കുന്നു നേരെ മുന്നിൽ ചാക്യാർ.

"എവിടേക്കാ?" ചാക്യാര് ചോദിച്ചു.

എന്തുപറയണമെന്നറിയാതെ കുഴങ്ങിനിൽക്കുമ്പോൾ ചാക്യാര് പൂരിപ്പിച്ചു.

"സ്കൂളിലേക്കാവും, ല്ലേ?"

അതേയെന്ന് ഇന്നസെന്റ് തലയാട്ടി. ആവട്ടെ, ആവട്ടെ ചാക്യാരും തലയാട്ടി. എന്നിട്ടു തെങ്ങിനെ ചൂണ്ടി അദ്ദേഹം പറഞ്ഞു: "സ്കൂളിലേക്ക് ഇങ്ങനെ കയറീട്ട് ഇങ്ങനെ ഇറങ്ങീം പൂവാം."

താനന്നു സ്കൂളിലേക്കു പോയതുപോലെ സിനിമാലോകത്തേക്ക് ഇങ്ങനെ കയറീട്ട് ഇങ്ങനെ വീണ്ടും രാഷ്ട്രീയത്തിലിറങ്ങുകയേ ചെയ്തുള്ളൂ. തനിക്കു രാഷ്ട്രീയമുണ്ട്. അതുകൊണ്ടു തന്റെ രാഷ്ട്രീയ കാഴ്ചപ്പാട് (കക്ഷി രാഷ്ട്രീയമല്ല) എം.പി ഫണ്ട് വിനിയോഗത്തിലും ഉണ്ടാകും. മണ്ഡലത്തിലെ 14 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സുകൾ സ്ഥാപിക്കുന്ന നടപടി പുരോഗമിക്കുകയാണ്. സൗകര്യപ്രദമായ യാത്രാസൗകര്യം ഒരുക്കുന്നതിനു 15 സ്കൂളുകൾക്കു സ്കൂൾ ബസുകൾ അനുവദിച്ചു. കമ്പ്യൂട്ടർ ലാബുകൾ, ക്ളാസ് മുറികൾ, സ്പോർട്ട്സ് ഗ്രൗണ്ടുകൾ എന്നു തുടങ്ങി സർക്കാർ സ്കൂളുകളുടെ സൗകര്യങ്ങൾ ആധുനികവൽക്കരിക്കുന്നതിന് ഇന്നസെന്റ് നൽകുന്ന മുൻഗണന അദ്ദേഹത്തിന്റെ രാഷ്ട്രീയ പക്ഷാപാതിത്വം വെളിപ്പെടുത്തുന്നുണ്ട്.

തന്റെ അധ്യാപികയായിരുന്ന സംഗമേശ വിലാസം സ്കൂളിലെ അംബുജം ടീച്ചറെപ്പോലെ കുട്ടികളെ സ്നേഹിക്കുകയും അവരുടെ ആവശ്യങ്ങളറിയുകയും ചെയ്യുന്ന അധ്യാപകർ ഇന്നും നമ്മുടെ പൊതുവിദ്യാലയങ്ങളിലുണ്ട്. പക്ഷേ, ഇന്നത്തെ കുട്ടികളുടെ ആവശ്യങ്ങൾ വളരെ വലിയതാണ്. ടീച്ചർമാർക്കൊന്നും വ്യക്തിപരമായി നിർവ്വഹിച്ചുകൊടുക്കാവുന്ന ആവശ്യങ്ങളല്ല ഇപ്പോഴുള്ളത്.

മാറുന്ന കാലത്തിനനുസരിച്ചു സാങ്കേതിക മികവുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താൻ പൊതുവിദ്യാലയങ്ങൾക്കു സർക്കാർ സഹായം ആവശ്യമാണ്. സ്വകാര്യ വിദ്യാലയങ്ങൾക്കു സഹായിക്കാൻ ഒരുപാടു പേരുണ്ടാകും. പക്ഷേ, പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു ജനപ്രതിനിധികളുടെയും സഹായം കൂടിയേ തീരൂ-ഇന്നസെന്റ് പറയുന്നു. ഇത്തരം മുൻകൈകളോടൊപ്പം ശ്രദ്ധേയമായ നേട്ടങ്ങളും ഇക്കാലയളവിൽ കൈവരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഗ്രാമീണ റോഡ് വികസനത്തിനു നടപ്പാക്കുന്ന കേന്ദ്ര പദ്ധതിയായ പി.എം.ജി.എസ്.വൈ പ്രകാരം അനുവദിച്ച ആദ്യ പാലം ചാലക്കുടിയിലേക്ക് എത്തിക്കാൻ ഇന്നസെന്റിനായി. റെയിൽവേ-ദേശീയപാത തുടങ്ങി മുഖ്യ മുൻഗണനാ വിഷയങ്ങളിൽ ഇന്നസെന്റ് ശ്രദ്ധ ചെലുത്തിപ്പോരുന്നു.

## നട്മെഗ് പാർക്ക്

ജാതിക്കർഷകർ ഏറെയുള്ള പ്രദേശങ്ങൾ അടങ്ങിയതാണ് ചാലക്കുടി ലോക്സഭാമണ്ഡലം. കേരളത്തിൽ ജാതിക്കൃഷിക്കു തുടക്കം കുറിച്ചതുതന്നെ അങ്കമാലിക്കടുത്തുള്ള കാലടിയിൽനിന്നായിരുന്നു. വിലയിടിവ് ഉൾപ്പെടെ നാനാവിധ പ്രശ്നങ്ങളെ അഭിമുഖീകരിക്കുകയാണ് ജാതിക്കർഷകർ ഇന്ന്. ഈ പശ്ചാത്തലത്തിൽ ഇവിടുത്തെ കർഷകരുടെ ജീവിതത്തിൽ ഗുണപരമായ മാറ്റങ്ങൾ സൃഷ്ടിക്കാവുന്ന ദീർഘവീക്ഷണത്തോടെയുള്ള ഒരു ഇടപെടലാണ് താൻ മുന്നോട്ടുവയ്ക്കുന്ന 'നട്മെഗ് പാർക്ക്' പദ്ധതിയെന്ന് ഇന്നസെന്റ് അവകാശപ്പെടുന്നു. ജാതിക്കൃഷിക്കാരുടെ കൂട്ടായ്മയിലൂടെ ഫാർമർ പ്രൊഡ്യൂസർ സൊസൈറ്റികൾ രൂപീകരിക്കുകയാണ് ഇതിന്റെ ആദ്യപടി. തുടർന്നു കാലടി കേന്ദ്രമാക്കി ഒരു ജാതിക്ക അധിഷ്ഠിത അഗ്രോ പാർക്ക് സ്ഥാപിതമാകും. ജാതിക്ക

# എം.പി. ഫണ്ട് വിനിയോഗം ഇങ്ങനെ

**എം**.പിക്ക് അഞ്ചു കോടി രൂപയാണ് പ്രാദേശിക വികസനാവശ്യങ്ങൾ നിറവേറ്റുന്നതിനായി ലഭിക്കുക. ഇത് എങ്ങനെ/ഏതേതു പദ്ധതികൾക്കായി ചെലവാക്കണം എന്ന് എം.പി നിർദ്ദേശിക്കും. ബന്ധപ്പെട്ട ജില്ലാ കലക്ടർക്കാണ് നിർദ്ദേശം നൽകുന്നത്.

ഇതോടെ എം.പിയുടെ ചുമതല പൂർത്തിയാകുമെന്ന് ഇതുസംബന്ധിച്ച മാർഗ്ഗനിർദ്ദേശം നൽകുന്ന കേന്ദ്രമന്ത്രാലയം വ്യക്തമാക്കുന്നു. എം.പിയുടെ നിർദ്ദേശം സമയബന്ധിതമായി നടപ്പാക്കേണ്ട ബാധ്യത ജില്ലാ കലക്ടർക്കും ആസൂത്രണവകുപ്പിനും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്കുമാണ്. ഇവരുടെ കാര്യശേഷിയും മനോഭാവവും എം.പി ഫണ്ട് വിനിയോഗത്തെ കാര്യമായി സ്വാധീനിക്കും. ചിലർ "ചട്ടപ്പടി' ശീലക്കാരായിരിക്കും; ചിലരാകട്ടെ, ലോകോത്തര ഉഴപ്പന്മാരും. ഇത്തരക്കാർ പദ്ധതി നിർവ്വഹണത്തിൽ കാലതാമസം വരുത്തുന്നു. സാധാരണ ഗതിയിൽ പദ്ധതികൾ പൂർത്തിയാക്കാൻ രണ്ടു മാസം മുതൽ ഒന്നര വർഷം വരെ എടുക്കും. മേൽപ്പറഞ്ഞ സ്വഭാവക്കാർ ഇതിനെ ഇരട്ടിയാക്കും. ഫണ്ട് വിനിയോഗം പൂർത്തിയായി ബില്ല് മാറി പണം കൈമാറുമ്പോൾ മാത്രമേ എം.പി ഫണ്ട് ചെലവഴിച്ചതായി കണക്കാക്കൂ. സോഷ്യൽ ഓഡിറ്റ് വരുന്നതോടെ ഉഴപ്പന്മാർ കുടുങ്ങും. പദ്ധതി എം.പി നിർദ്ദേശിച്ചാൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കുന്നതു വരെയുള്ള ഓരോ ഘട്ടവും എന്നു പൂർത്തിയാക്കണമെന്നു ശാസ്ത്രീയമായി മുൻകൂട്ടി തീരുമാനിച്ച് ഒരു സോഷ്യൽ ഓഡിറ്റ് കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. ഓരോ പദ്ധതിയും ഇപ്രകാരം മുന്നോട്ടു പോകുന്നുണ്ടോ എന്നു പരിശോധിക്കാൻ ജനകീയ സമിതികളും രൂപീകരിച്ചു. ഓരോ പദ്ധതിയുടേയും തത്സമയ പുരോഗതിയും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഫോൺ നമ്പറും വിലാസവും എം.പിയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യും." ഇതുവഴി ജനകീയ മേൽനോട്ടത്തിൽ എം.പി ഫണ്ട് വിനിയോഗം നിർവ്വഹിക്കുന്ന ആദ്യ മണ്ഡലമാണ് ചാലക്കുടി. ●

യിൽനിന്നു മൂല്യവർധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും ദേശീയവും വിദേശീയവുമായ വിപണി കണ്ടെത്തുന്നതിനും സംഭരണവും വിപണനവും ഉറപ്പാക്കുന്നതിലൂടെ മികച്ച വില കർഷകർക്കു ലഭ്യമാക്കുന്നതിനും വഴിയൊരുക്കുന്നതാണ് നട്മെഗ് പാർക്ക്.

കേരളത്തിലെ ഏറ്റവും മികച്ച വില കർഷകർക്കു ലഭ്യമാക്കുന്നതിനും നട്മെഗ് പാർക്ക് വഴിയൊരുക്കും. കേരളത്തിലെ ഏറ്റവും മികച്ച കാർഷിക ഇടപെടലുകളിൽ ഒന്നായി ഇതു മാറുമെന്നാണ് ഇന്നസെന്റിന്റെ പ്രതീക്ഷ. "കൃഷിക്കാർ നമ്മുടെ സമൂഹത്തിന്റെ സാമ്പത്തിക നട്ടെല്ലിനു ശക്തിപകരുന്നവരാണ്. അതുകൊണ്ട് അവരുടെ ഉല്പന്നങ്ങൾക്കു വിപണിയും വിലയും ഉറപ്പുവരുത്തേണ്ടതിനു കഴിയാവുന്ന സഹായം ചെയ്യുക എന്നതു ജനപ്രതിനിധി എന്ന നിലയിൽ തന്റെ കടമയാണ്" -ഇന്നസെന്റ് പറഞ്ഞു.

### വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശൃംഖല

"ചാലക്കുടി എന്നു പറഞ്ഞാൽ സഞ്ചാരപ്രിയരായ പുറംനാട്ടുകാർക്ക് അതിരപ്പിള്ളിയും മറ്റുമാണ്. എന്നാൽ, ഇതിനപ്പുറം ധാരാളം സാധ്യതകളുണ്ട് ചാലക്കുടിക്ക്. മുസിരിസും കാലടിയും മലയാറ്റൂരുമൊക്കെ നല്ല ടൂറിസം സാധ്യതകളുള്ള പ്രദേശങ്ങളാണ്. ഇങ്ങനെ സാധ്യതകളുള്ള കേന്ദ്രങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ വിനോദസഞ്ചാരികൾക്കായി ഉറപ്പുവരുത്തുകയും ഇവയേയും കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു ടൂറിസം സർക്യൂട്ട് വികസിപ്പിച്ചെടുക്കാനാണ് എന്റെ ശ്രമം." ടൂറിസം സർക്യൂട്ട് എന്ന പദ്ധതിയെക്കുറിച്ച് ആരാഞ്ഞപ്പോൾ ഇന്നസെന്റ് പറഞ്ഞു.

കേരളത്തിലെ ഏറ്റവും ആകർഷകമായ ടൂറിസം കേന്ദ്രങ്ങളാണ് ചാലക്കുടി ലോക്സഭാമണ്ഡലത്തിന്റെ ഭൂപരിധിക്കുള്ളിൽ സ്ഥിതിചെയ്യുന്നത്. കേരള ടൂറിസം വകുപ്പിന്റെ ഏറ്റവും ഒടുവിലുള്ള കണക്കുകൾ പ്രകാരം 9.77 ലക്ഷം വിദേശ ടൂറിസ്റ്റുകളാണ് 2015-ൽ കേരളം സന്ദർശിച്ചത്. മുൻവർഷത്തെ അപേക്ഷിച്ച് 5.86 ശതമാനം വർദ്ധനയോടെയാണിത്. ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 1.24 കോടി വരും. 6949.88 കോടി രൂപയുടെ വിദേശനാണ്യവും കേരളം നേടി. ഇക്കൂട്ടത്തിൽ ഏറ്റവും മുന്നിട്ടുനിൽക്കുന്നത് എറണാകുളം ജില്ലയാണ്. 40.4 ശതമാനം പേർ ജില്ലയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ എത്തിയപ്പോൾ തൊട്ടടുത്തുള്ള തൃശ്ശൂർ ജില്ലയിൽ 0.8 ശതമാനം പേർ മാത്രമാണ് എത്തിയത്. ഈ രണ്ടു ജില്ലകളിലേയും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളാണ് ചാലക്കുടി ലോക്സഭാമണ്ഡലത്തിന്റെ പരിധിയിൽ വരുന്നത്. ഇവിടുത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കഴിഞ്ഞ വർഷം എത്തിയ വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇങ്ങനെയാണ്: അതിരപ്പിള്ളി-5177, ഇരിങ്ങോൾ-8337, കാലടി-3660, ആലുവ-3877, ചാലക്കുടി-436 എന്നിങ്ങനെയാണ്. കേന്ദ്രങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുകയും കൂടുതൽ ടൂറിസം ഡെസ്റ്റിനേഷനുകളെക്കൂടി ഉൾപ്പെടുത്തിയുള്ള സർക്യൂട്ട് വികസിപ്പിക്കുകയും ചെയ്താൽ ടൂറിസ്റ്റുകളുടെ എണ്ണം പതിന്മടങ്ങായി വർദ്ധിക്കും. ഈ ലക്ഷ്യത്തോടെയാണ് കേന്ദ്രസംസ്ഥാന സർക്കാരുകളുടെ വിഭവങ്ങൾ ഉപയോഗിച്ച് അതിരപ്പിള്ളി-കോടനാട് ടൂറിസം സർക്യൂട്ട് സ്ഥാപിക്കാൻ ഇന്നസെന്റ് പദ്ധതി തയ്യാറാക്കിയത്.

എറണാകുളം ജില്ലയിലെ കോടനാട്, ഇരിങ്ങോൾക്കാവ്, നാഗഞ്ചേരി മന, കാലടി, ശൃംഗേരി മഠം, സംസ്കൃത സർവ്വകലാശാല, മല



പെരുമ്പാവൂരിൽ കൊല്ലപ്പെട്ട ജിഷയുടെ അമ്മയെ ഇന്നസെന്റ് എം.പി സന്ദർശിച്ചപ്പോൾ

യാറ്റൂർ, ഏഴാറ്റുമുഖം, തുമ്പൂർമൂഴി, അതിരപ്പിള്ളി തുടങ്ങിയ കേന്ദ്രങ്ങളെയും ആലുവ, കൊടുങ്ങല്ലൂർ, മാള, പൊയ്യ തുടങ്ങിയ ടൂറിസം ഡെസ്റ്റിനേഷനുകളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു സർക്യൂട്ടാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പ്രകൃതിരമണീയമായ കേന്ദ്രങ്ങളുടെ ഭൗതികവികസനം മാത്രമല്ല ലക്ഷ്യം. സാംസ്കാരിക തനിമകളും നാട്ടറിവുകളും ചരിത്രപ്രാധാന്യവും പൈതൃകസമ്പത്തും സാഹിത്യപരമായ അടയാളപ്പെടുത്തലുകളും എല്ലാം ഉൾച്ചേരുന്ന സമഗ്രമായ ഒരു ടൂറിസം പദ്ധതിക്കായുള്ള ശ്രമങ്ങൾ ആദ്യഘട്ടം പിന്നിട്ടിരിക്കുകയാണിപ്പോൾ എന്ന് ഇന്നസെന്റ് പറയുന്നു.

## എം.പി.ഫണ്ടിൽ സോഷ്യൽ ഓഡിറ്റിങ്

രാഷ്ട്രീയക്കാരെക്കുറിച്ചു പൊതുവേ ആളുകൾ പറയുക എല്ലാം കണക്കാണെന്നാണ്. എന്നാൽ, സ്കൂളിൽ കണക്കിനു മോശമായിരുന്നെങ്കിലും താൻ ആ 'കണക്കിൽ' പെടില്ല എന്നേ ഇന്നസെന്റ് പറയൂ. ഒരു പൈസ ജനപ്രതിനിധിയെന്ന നിലയിൽ താൻ ചെലവിടുന്നെങ്കിൽ അതു ജനത്തിനു ബോധ്യപ്പെടണം. അതാണ് ഇന്നസെന്റിന്റെ ലൈൻ. മാത്രമല്ല, ജനപ്രതിനിധി എന്ന നിലയിൽ താൻ നടപ്പാക്കുന്ന പദ്ധതികളിൽ ഫണ്ട് വിനിയോഗം ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റുന്നുണ്ടോ എന്നറിയാനും അഭിപ്രായങ്ങൾ പറയാനും ജനങ്ങൾക്ക് അവകാശം നൽകുകയും വേണം. ഈ ലക്ഷ്യം മുൻനിർത്തി ഇന്നസെന്റ് എം.പി. ഫണ്ട് പദ്ധതികൾക്കു സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കിയിരിക്കുന്നു.

"ഓരോ വർഷവും എം.പി ഫണ്ട് ഉപയോഗിച്ചു നടപ്പാക്കുന്ന പദ്ധതികൾ പല ഘട്ടങ്ങളിലൂടെയാണ് കടന്നുപോകുന്നത്. പല പദ്ധതികളും അന്തമില്ലാതെ നീട്ടുന്ന ഉദ്യോഗസ്ഥതലത്തിലെ കാര്യക്ഷമതയില്ലായ്മ ഫണ്ട് വിനിയോഗത്തിൽ ഏറെ പ്രയാസങ്ങൾ സൃഷ്ടിക്കും. ഇവ മറികടക്കേണ്ടത് അനിവാര്യമാണ്. ഈ പ്രക്രിയയിൽ ജനങ്ങളെക്കൂടി പങ്കെടുപ്പിക്കാനുള്ള ശ്രമമാണ് സോഷ്യൽ ഓഡിറ്റ് സംവിധാനം." ഇന്നസെന്റ് പറയുന്നു. കേരളത്തിൽ ആദ്യമായാണ് എം.പി ഫണ്ട് വിനിയോഗത്തിൽ സോഷ്യൽ ഓഡിറ്റ് ഏർപ്പെടുത്തുന്നത്. എം.പി നിർദ്ദേശിക്കുന്ന ഓരോ പദ്ധതികളും എന്നു പൂർത്തിയാക്കണമെന്നു മുതൽ അതിന്റെ ഓരോ ഘട്ടവും പിന്നിടുന്നതിനു മുൻകൂട്ടി കലണ്ടർ തയ്യാറാക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. ഇവയുടെ എല്ലാ വിശദാംശങ്ങളും എം.പിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. ഓരോ പ്രവൃത്തിയും വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി തദ്ദേശ സ്ഥാപനങ്ങൾ, സംഘടനകൾ, കുടുംബശ്രീകൾ എന്നിവയുടെ പ്രതി

നിധികൾ അടങ്ങുന്ന മോണിട്ടറിംഗ് കമ്മിറ്റിക്കു രൂപം നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും ഈ മോണിട്ടറിംഗ് കമ്മിറ്റിക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താനും ഇടപെടാനും സ്വാതന്ത്ര്യമുണ്ടാകും.

ഫണ്ട് വിനിയോഗത്തിൽ എം.പിമാർക്കു പങ്കില്ലെങ്കിലും ഇവയുടെ വിനിയോഗം എം.പിയുടെ മാത്രം ഉത്തരവാദിത്വമായി എണ്ണപ്പെടുകയാണ് പതിവ്. ഇതുമൂലം നിർവ്വഹണ ചുമതലയുള്ള ഉദ്യോഗസ്ഥരും വകുപ്പുകളും സ്വന്തം ഉത്തരവാദിത്വ നിർവ്വഹണത്തിൽനിന്നു രക്ഷപ്പെടുകയാണ് പതിവ്. ഈ അവസ്ഥ മറികടക്കാനും സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുക വഴി സാധ്യമാകും.

"സത്യസന്ധതയും അർപ്പണമനോഭാവവും സുതാര്യതയുമാണ് ഒരു രാഷ്ട്രീയ പ്രവർത്തകന്റെ പ്രധാന മുതൽമുടക്ക്. രണ്ടുതവണ കാൻസർ ബാധിതനായി. വയസ്സും കുറേയായി. ഇനി മത്സരിക്കാനുണ്ടാകുമെന്നും പറയാൻ വയ്യ. ഉള്ള സമയം ജനങ്ങൾക്കുവേണ്ടി വിനിയോഗിക്കണം. അവർക്കുവേണ്ടി നല്ല കാര്യങ്ങൾ ചെയ്യണം. അതിൽ കൂടുതൽ ഒന്നും ആഗ്രഹമില്ല" –ഇന്നസെന്റ് പറഞ്ഞു നിർത്തി.

കൂടുതൽ കൂടുതൽ ഉത്തരവാദിത്വങ്ങളും നേതൃത്വവും യുവജനത്തിനു നൽകണമെന്ന ആവശ്യത്തെക്കുറിച്ച് ഒരിക്കൽ ഇ.എം.എസ് പറഞ്ഞതു വായിച്ചതോർത്തു. വൃദ്ധർക്കാണ് യുവജനങ്ങളേക്കാൾ ആത്മാർപ്പണം കൂടുക. കാരണം അവർ ജീവിതത്തിന്റെ അങ്ങേയറ്റത്തെത്തിയിരിക്കുന്നു. ഇനി ആഗ്രഹിക്കാനൊന്നുമില്ല.

എന്നാൽ, ഇന്നസെന്റിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തെ രണ്ടുതവണ ആക്രമിച്ച രോഗമോ വയസ്സോ ഇക്കാര്യത്തിൽ കണക്കിലെടുക്കേണ്ടതില്ല. സുതാര്യതയും സത്യസന്ധതയുമാണ് ഒരു രാഷ്ട്രീയപ്രവർത്തകനു വേണ്ടത് എന്ന ശരാശരി സാധാരണക്കാരന്റെ ബോധം അദ്ദേഹം ജീവിതത്തിന്റെ ഒരു ഘട്ടത്തിലും കൈവിട്ടിട്ടില്ല.

ഇങ്ങനെ ഒരു കഥ കൂടി ഇന്നസെന്റ് പറഞ്ഞു.

ഉമ്മൻ ചാണ്ടിയുടെ കുഞ്ഞൂഞ്ഞ് കഥകൾ പ്രകാശനം ചെയ്യാൻ താൻ ക്ഷണിക്കപ്പെട്ടു. അന്ന് എം.പിയായിട്ടില്ല. കഷ്ടപ്പെട്ടു പ്രകാശന സ്ഥലത്തെത്തി ഉമ്മൻ ചാണ്ടിയെയും കുഞ്ഞൂഞ്ഞുകഥകളെയും പറ്റി സവിസ്തരം സംസാരിച്ചു. പ്രകാശനം ചെയ്തു പ്രസംഗവും കഴിഞ്ഞു ചാരിതാർത്ഥ്യത്തോടെ കസേരയിൽ ഉപവിഷ്ടനായി. ശശി തരൂർ അടുത്തിരിക്കുന്നു. അദ്ദേഹം തന്നെ നോക്കി പുഞ്ചിരിച്ചു. പെട്ടെന്നാണ് ഇടിവെട്ടുപോലെ അധ്യക്ഷന്റെ അറിയിപ്പു മൈക്കിലൂടെ വന്നത്.

ശശി തരൂരിന്റെ പുസ്തകവും ഇന്നസെന്റ് പ്രകാശനം ചെയ്യും.

ഞെട്ടിപ്പോയി. ഇംഗ്ലീഷിലെഴുതുന്നയാളാണ്, യു.എൻ. ജനറൽ സെക്രട്ടറി സ്ഥാനത്തേക്കു മത്സരിച്ചയാളാണ്. ശരീരം തളർന്നുപോയെങ്കിലും ധൈര്യം കൈവിട്ടില്ല. പെട്ടെന്നുതന്നെ സത്യനെ (സത്യൻ അന്തിക്കാടിനെ) വിളിച്ചു. അദ്ദേഹം മറ്റൊരു പത്രപ്രവർത്തകനെ വിളിച്ചു. മുഴുവൻ വിവരവും ശേഖരിച്ചു. കിട്ടിയ വിവരം വച്ച് ഇന്നസെന്റ് തുടങ്ങി.

"ഈ ഇരിക്കുന്ന ശശി തരൂർ ആരാന്നു നിങ്ങക്കറിയോ... അദ്ദേഹം ഒരുപാടു പുസ്തകങ്ങളെഴുതീട്ട്ണ്ട്. അതിലൊരു പുസ്തകമാണ് ദ ഗ്രേറ്റ് ഇൻഡ്യൻ നോവൽ..."

ഇങ്ങനെ കത്തിക്കയറി. ഇന്നസെന്റിന്റെ വായനാശീലത്തെക്കുറിച്ചു കൂടുതൽ അറിഞ്ഞ സദസ്യർ നിശ്ചലരും സ്തബ്ധരുമായി. സാക്ഷാൽ ശശി തരൂർ വരെ ഞെട്ടിപ്പോയി.

പ്രൗഢോജ്വലമായ പ്രസംഗം കഴിഞ്ഞു വീണ്ടും കസേരയിൽ വന്നിരുന്നു. അഭിനന്ദനപൂർവ്വം തരൂർ ഇന്നസെന്റിന്റെ തോളിൽ തട്ടി.

"ഗംഭീരമായി. നിങ്ങൾ എന്റെ പുസ്തകങ്ങളൊക്കെ വായിച്ചിട്ടുണ്ടല്ലേ?"

"ഒരു തേങ്ങേം വായിച്ചിട്ടില്ല്യാ... ഇതൊക്കെ ആ സത്യനും ശ്രീകാന്ത് കോട്ടക്കലും പറഞ്ഞുതന്നതല്ലേ..."

ശശി തരൂർ ഒന്നു ഞെട്ടിപ്പോയി. പിന്നെ ഉറക്കെച്ചിരിച്ച് ഇന്നസെന്റിന്റെ തുടയ്ക്കടിച്ചു.

ഈ സുതാര്യത സമൂഹത്തിൽ ഇടപെടുമ്പോഴും അനിവാര്യമാണെന്ന് അദ്ദേഹം പറയുന്നു. ●


CURRENT BOOKS



ഡാകിനിമാരുടെ ഹൃദയഭൂമിയിലൂടെ

എം.കെ.രാമചന്ദ്രൻ

ഇത് ഹിമാലയയാത്രയിലെ വിസ്മയകാണ്ഡമാണ്. ഹിമവാന്റെ ദേവാംശം ഓരോ വാക്കിലും തൊഴുതുണർത്താൻ കഴിഞ്ഞ വലിയ സഞ്ചാരിയുടെ പുതിയ പുസ്തകം. അനന്തകാലങ്ങൾക്കു വേണ്ടി ഹിമവാൻ കരുതിവച്ചിരിക്കുന്ന ദൃശ്യവും അദൃശ്യവും വാച്യവും അവാച്യവുമായ അദ്ഭുതങ്ങളുടെയും ആത്മഭാവങ്ങളുടെയും അനുഭൂതി പകരുന്ന ഈ ഗ്രന്ഥം യാത്രാനുഭവഗ്രന്ഥമെന്നതുപോലെത്തന്നെ ആത്മീയഗ്രന്ഥവും സാഹസിക യാത്രാഗ്രന്ഥവും ഒരു നാടിന്റെ സാംസ്കാരികാനുഭവവുമാണ്.

₹ 350.00

എം.കെ. രാമചന്ദ്രന്റെ ഏറ്റവും പുതിയ പുസ്തകം

കറന്റ് ബുക്സ് തൃശൂർ
റൗണ്ട് വെസ്റ്റ് തൃശൂർ ✆ 2335660
currentbooksthrissur@gmail.com

കോസ്മോ ബുക്സ്
മംഗള ടവർ, വടക്കെ ബസ്സ്റ്റാന്റ്
തൃശൂർ ✆ 2335292, 2322012
cosmobooks@asianetindia.com
പ്രസ്ക്ലബ് റോഡ്, കൊച്ചി ✆ 2353818
റെയിൽവേ സ്റ്റേഷൻ ലിങ്ക് റോഡ്
കോഴിക്കോട് ✆ 2703487 • കോട്ടയം ✆ 08589923939